പത്രക്കുറിപ്പ്
21-02-2022

## 'സർഗ്ഗം-2022'
# കുടുംബശ്രീ വനിതകൾക്കായി സംസ്ഥാനതല കഥാരചന മത്സരം

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക്
**15,000 10,000 5,000** എന്നിങ്ങനെ ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും

രചനകൾ ലഭിക്കേണ്ട അവസാന തീയതി : മാർച്ച് 10

തിരുവനന്തപുരം: കുടുംബശ്രീ വനിതകളുടെ സർഗ്ഗാത്മക ശേഷി വളർത്തുന്നതിനും അവരെ കലാസാഹിത്യ മേഖലകളിലേക്ക് കൈ പിടിച്ചുയർത്തുന്നതിനുമായി **'സർഗ്ഗം-2022'-സംസ്ഥാനതല കഥാരചന(മലയാളം)** മത്സരം നടത്തുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 15,000 10,000, 5,000 എന്നിങ്ങനെ ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും ലഭിക്കും. കൂടാതെ പ്രോത്സാഹന സമ്മാനത്തിന് അർഹമായ രചനകൾ ഉണ്ടെന്ന് ജൂറി അംഗങ്ങൾ വിലയിരുത്തുകയാണെങ്കിൽ അപ്രകാരം കണ്ടെത്തുന്ന അഞ്ചു പേർക്ക് പ്രോത്സാഹന സമ്മാനമായി 1000 രൂപയും ട്രോഫിയും നൽകുന്നതാണ്. സാഹിത്യ മേഖലയിലെ പ്രമുഖർ ഉൾപ്പെടുന്ന ജൂറിയായിരിക്കും സമ്മാനർഹരെ കണ്ടെത്തുക. ഏറ്റവും മികച്ച രചനകൾ അയക്കുന്ന 40 പേർക്ക് മാർച്ച് 23, 24, 25 തീയതികളിൽ തൃശൂരിൽ സംഘടിപ്പിക്കുന്ന **'സർഗ്ഗം-2022'** സാഹിത്യ ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരവും ലഭിക്കും. രചനകൾ ലഭിക്കേണ്ട അവസാന തീയതി 2022 മാർച്ച് പത്ത്.

സൃഷ്ടികൾ രചയിതാവിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, കുടുംബശ്രീ അംഗമാണെന്നു തെളിയിക്കുന്ന സി.ഡി.എസ് ചെയർപേഴ്സന്റെ സാക്ഷ്യപത്രം എന്നിവ സഹിതം

പബ്ളിക് റിലേഷൻസ് ഓഫീസർ
കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ
ട്രിഡ ബിൽഡിങ്ങ്-രണ്ടാം നില
മെഡിക്കൽ കോളേജ്.പി.ഒ.
തിരുവനന്തപുരം-695 011

എന്ന വിലാസത്തിൽ തപാൽ വഴിയോ കൊറിയർ വഴിയോ ലഭ്യമാക്കേണ്ടതാണ്. ഇ-മെയിൽ വഴിയോ മൊബൈൽ വാട്ട്സാപ് വഴിയോ അയക്കുന്ന രചനകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല. മത്സരം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് www.kudumbashree.org/sargam2022 സന്ദർശിക്കുക.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ